GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

09-07-2021

## 1. കർഷക അവാർഡ്

സംസ്ഥാന കാർഷികവികസന കർഷകക്ഷേമവകുപ്പ് 2020 വർഷത്തിൽകാർഷികമേഖലയിലെവിവിധരംഗങ്ങളിൽമികച്ച പ്രവർത്തനം കാഴ്ചവച്ചവർക്ക് നൽകുന്ന കർഷകഅവാർഡുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി09/07/2021ആയിദീർഘിപ്പിച്ചിട്ടുണ്ട്. ആയതിൻ പ്രകാരംഅച്ചടി മാധ്യമം, ദൃശ്യ മാധ്യമം, നവ മാധ്യമം എന്നീരംഗങ്ങളിലെമികച്ച ഫാം ജേർണലിസ്റ്റിന് നൽകുന്ന കർഷക ഭാരതിഅവാർഡ്, ദൃശ്യ, ശ്രവ്യ, ഓൺലൈൻ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ച/പ്രക്ഷേപണംചെയ്തഏറ്റവുംമികച്ച കാർഷിക പരിപാടിയ്ക്ക് നൽകുന്ന ഹരിതമുദ്ര അവാർഡ്എന്നിവയ്ക്ക് 09/07/2021 വരെ നോമിനേഷനുകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷയുംവിശദാംശങ്ങളും**www.fibkerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ **'പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം -3** എന്ന വിലാസത്തിലാണ് അപേക്ഷകൾ/നോമിനേഷനുകൾ അയയ്ക്കേണ്ടത്. നോമിനേഷനുകളുടെ പുറത്ത് **"കർഷക ഭാരതി / ഹരിതമുദ്ര അവാർഡ് 2020 – എതുവിഭാഗം'**എന്നത് പ്രത്യേകം രേഖപ്പെടുത്തണം.

## 2. ദേശീയ ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ ക്ഷണിച്ചു.

കേന്ദ്രസർക്കാർ അംഗീകരിച്ച തനതു ജനുസിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിചരിക്കുന്ന വ്യക്തികൾക്കും ഏറ്റവും നല്ല എ ഐ ടെക്നീഷ്യനും ഡയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും ദേശീയ ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്. ഓരോ വിഭാഗത്തിലേയും പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാമനമായി അഞ്ചു ലക്ഷം രൂപയും രണ്ടാം സമ്മാനമായി മൂന്നു ലക്ഷം

രൂപയും മൂന്നാം സമ്മാനമായി രണ്ടുലക്ഷം രൂപയും നൽകുന്നതാണ്. അപേക്ഷ നഷകുന്നതിനുള്ള ലിങ്ക് 15/07/2021 മുതൽ 15/09/2021 വരെ www.dahd.nic.in / www.mha.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാകും.

**ഓൺലൈൻ പരിശീലന പരിപാടികൾ**

1. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (09.07.2021) രാവിലെ 11 മുതൽ 12 മണി വരെ **ഓർക്കിഡ് കൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പാലോട് ജെ എൻ ടി ബി ജി ആർ ഐ യിലെ ഡോ സലീം എം. നയിക്കുന്ന പരിശീലനം **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ തത്സമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

2. **കേരള വെറ്ററിനറി സർവകലാശാല**യുടെ വിജ്ഞാനവ്യാപന വിഭാഗം ഇന്ന് (09-07-2021) വൈകിട്ട് 5 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ- പന്നികളുടെ പ്രജനനവും പ്രജനന രീതികളും, പന്നിക്കുട്ടികളുടെ പരിപാലനവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. അസിസ്റ്റന്റ് പ്രൊഫസർ ഡോ.ഇ.ഡി. ബെഞ്ചമിൻ ആണ് പരിശീലനം നയിക്കുന്നത്. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

3. എറണാകുളം ആർ എ റ്റി റ്റി സി **പരിശീലന കേന്ദ്രത്തിൽ** നിന്നും ഇന്ന് (09-07-2021) ഉച്ച തിരിഞ്ഞ് 2.30 ന് വിള ഇൻഷ്വറൻസ് പദ്ധതിയെ കുറിച്ച് കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ അനിത ജെയിംസ് വിശദീകരിക്കുന്നു. ആർ എ റ്റി റ്റി സി വൈറ്റിലയുടെ ഫേസ് ബുക്ക് പേജായ ആർ എ റ്റി റ്റി

സി ട്രയിനിംങ്ങിൽ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **- 9961315789, 8547626402**

4. **തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ** ആഭിമുഖ്യത്തിൽ ഇന്ന് (09-07-2021) ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **9188522711** എന്ന ഫോൺ നമ്പരിൽ വാട്സ് ആപ്പ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

5. **ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നിന്നും നാളെ (10.07.2021) ന് ഓമനമൃഗങ്ങളിലെ പരാദരോഗങ്ങൾ** എന്ന വിഷയത്തിൽ ഡോ. വിനോദ് കുമാർ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക **- 9446424556**

6. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഈ മാസം 14-ന് ***കാട വളർത്തൽ*** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

7. **വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോട**നുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 15-ന് **ആനന്ദകരമായ ആയാസരഹിതമായ ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക. **9400831831, 9400289642.** **ഇ-മെയിൽ** sfftraining2021@gmail.com

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 21 ന് **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന നമ്പരിൽ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേതാണ്

**9. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

1) ഞാറ്റടിയിൽ ബാക്റ്റിരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക. ഞാറു പറിച്ചു നട്ടതിനു ശേഷം നെൽപ്പാടങ്ങളിൽ ബാക്റ്റീരിയൽ രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക.

2) തെങ്ങുകളിൽ ബോറോണിന്റെ അഭാവത്തിന് കൂമ്പോല മുഴുവനായി തുറക്കാനുള്ള താമസം കാണാറുണ്ട്. തെങ്ങൊന്നിന് 50 ഗ്രാം എന്ന അളവിൽ ബോറാക്സ് നൽകുക.

**അറിയിപ്പുകൾ**

10. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് 2021-22 ജനകീയാസൂത്രണ പദ്ധതിയിൽ കൃഷിഭവൻ വഴി നടപ്പിലാക്കുന്ന തെങ്ങിനുള്ള ജൈവവളത്തിന്റെ പെർമിറ്റ് വിതരണം ആരംഭിച്ചു.

11. എറണാകുളം ജില്ലയിലെ വയറ്റില, മാറാട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, തിരുവാൻകുളം, ത്രിപൂണിത്തുറ എന്നീ കൃഷിഭവനുകളിൽ സൗജന്യ പച്ചക്കറി കിറ്റുകളും WCT തെങ്ങിൻ തൈകളും ലഭ്യമാണ്.

12. കേരകേരളം സമൃദ്ധകേരളം പദ്ധതിതയുടെ ഭാഗമായി ഗുണമേൻമയുള്ള നാടൻ തെങ്ങിൻ തൈകൾ ആവശ്യമുള്ളവർ ഏലൂർ കൃഷി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ